പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 2935

10.5.2017 ൽ മറുപടിക്ക്

**പോലീസ് സ്റ്റേഷനുകളിലെ ചോദ്യം ചെയ്യൽമുറി**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എൻ.എ. നെല്ലിക്കുന്ന് | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| എ) | സംസ്ഥാനത്തെ ഏതെല്ലാം ജില്ലകളിലെ പോലീസ് സ്റ്റേഷനുകളിൽ ചോദ്യം ചെയ്യൽ മുറി ഒരുക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | എ) പോലീസ് സ്റ്റേഷനുകളിൽ ചോദ്യം ചെയ്യൽ മുറി സജ്ജമാക്കിയിട്ടില്ല. എന്നാൽ എല്ലാ ജില്ലകളിലും ജില്ലാതല ചോദ്യം ചെയ്യൽ മുറി സജ്ജമാക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ബി) | ഈ മുറികളിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്നും കേസ്സുകൾ തെളിയിക്കുന്ന കാര്യത്തിൽ ഈ മുറികൾ എത്രമാത്രം സഹായകരമാണെന്നും വ്യക്തമാക്കാമോ; | (ബി) യും (സി) യും വിവരം ശേഖരിച്ചു വരുന്നു. |
| സി) | ഏതെല്ലാം കേസ്സുകൾ തെളിയിക്കുന്ന കാര്യത്തിൽ ഇതുവരെ ഈ മുറികൾ ഏതെല്ലാം രീതിയിൽ പങ്ക് വഹിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | |
| ഡി) | ഇതുവരെ സ്ഥാപിച്ചിട്ടുള്ള ചോദ്യം ചെയ്യൽമുറികൾ രൂപകൽപ്പന ചെയ്തതാരാണെന്ന് വ്യക്തമാക്കാമോ; | ഡി) എറണാകുളം റേഞ്ച് ഐ.ജി. യാണ് ചോദ്യം ചെയ്യൽ മുറികൾ രൂപകൽപ്പന ചെയ്തിട്ടുള്ളത്. |
| ഇ) | ചോദ്യം ചെയ്യൽ മുറി സ്ഥാപിക്കാനുള്ള ചെലവ് എത്രയാണെന്നും ഏത് ഫണ്ടാണ് ഇതിനുവേണ്ടി ഉപയോഗിക്കുന്നതെന്നും വ്യക്തമാക്കാമോ? | ഇ) തിരുവനന്തപുരം റൂറൽ ജില്ലയിൽ 2015-16 ലെ സ്റ്റേറ്റ് പ്ലാൻ സ്കീം അനുസരിച്ച് 3 ലക്ഷം രൂപയും സ്റ്റേറ്റ് പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി 2016-17-ൽ 18 പോലീസ് ജില്ലകൾക്ക് 5 ലക്ഷം രൂപ വീതം 90 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ